LIBRARY ARCHIVES Kerala Legislative Assembly

മലബാർ മേഖലയിൽ വിനോദസഞ്ചാര വികസനത്തിന് ഗ്രാന്റ്

23 [1801] ശ്രീ. എം. പി. ഗംഗാധരൻ:
„ ടി. എൻ. പ്രതാപൻ:
„ എം. മുരളി:
„ ഇ. എം. അഗസ്തി:
„ ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ വിനോദസഞ്ചാര വികസനത്തിന് കേന്ദ്രത്തിൽ നിന്നും ഗ്രാന്റ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തുതുക ലഭിച്ചു;

(ബി) ഈ തുക ഏതെല്ലാം വികസന പ്രവർത്തനങ്ങൾക്കുവേണ്ടി വിനിയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) കേന്ദ്രത്തിൽ നിന്നും മലബാർ മേഖലയുടെ വിനോദ സഞ്ചാര വികസനത്തിന് പ്രത്യേകമായി ഗ്രാന്റൊന്നും ലഭിച്ചിട്ടില്ല. എന്നാൽ 2003-2004-ൽ കേന്ദ്ര സർക്കാരിൽ നിന്നും മലബാർ മേഖലയിൽ വിവിധ പദ്ധതികൾക്കായി 5.54 കോടി രൂപ ലഭിച്ചിട്ടുണ്ട്. അനുബന്ധമായി ചേർത്തിരിക്കുന്ന പദ്ധതികൾക്കാണ് ടി തുക അനുവദിച്ചിട്ടുള്ളത്. †

കാസർഗോഡ് ജില്ലയിലെ പുരാതനഫോർട്ടുകൾ പരിരക്ഷിക്കുവാൻ നടപടി

24 [1802] ശ്രീ. കെ. മുഹമ്മദാലി:
„ കെ. മോഹൻകുമാർ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. എ. പി. അനിൽകുമാർ:
„ പ്രൊഫ. ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തുവകുപ്പുമായി ചേർന്ന് കാസർഗോഡ് ജില്ലയിലുള്ള പുരാതന ഫോർട്ടുകൾ പരിരക്ഷിക്കുന്നതിന് വിനോദസഞ്ചാരവകുപ്പ് പരിപാടി ആവിഷ്ക്കരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) എങ്കിൽ ഏതെല്ലാം കോട്ടകളുടെ കൺസർവേഷൻ വർക്കുകളാണ് ഏറ്റെടുത്തു നടത്താനുദ്ദേശിക്കുന്നത്; ഇതിന് എന്ത് ചെലവ് വരും;

(സി) ഇക്കാര്യത്തിൽ കേന്ദ്ര സഹായം തേടിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

† അനുബന്ധം VI

ഉത്തരം

(എ) ഉണ്ട്.

(ബി) ചന്ദ്രഗിരിക്കോട്ട, അരിക്കാഡിക്കോട്ട, പുവൽകോട്ട എന്നിവ പരിരക്ഷിക്കുന്നതിനായി 98 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ നിന്നും 70 ലക്ഷം രൂപ ഇതിനകം തന്നെ പുരാവസ്തു ഡയറക്ടർക്ക് അനുവദിച്ചു കൊടുത്തിട്ടുണ്ട്.

(സി) ഇല്ല.

അർണ്ണോസ് പാതിരിയുടെ ശവകുടീരം സംരക്ഷിക്കുന്നതിന് നടപടി

25 [1803] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർണ്ണോസ് പാതിരി അന്ത്യവിശ്രമം കൊള്ളുന്ന തൃശ്ശൂർ പഴുവിൽ പള്ളിയിലെ ശവകുടീരം സംരക്ഷിക്കുന്നതിനും ടൂറിസ്റ്റുകൾ സന്ദർശിക്കുന്നതിന് അവസരം ഉണ്ടാക്കുന്നതിനുമായി തൃശ്ശൂർ ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിൽ പദ്ധതി ആവിഷ്ക്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം നൽകാമോ; ഇതിനായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് അംഗീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പുരാതനമായ ക്ഷേത്രങ്ങളും, പള്ളികളും, ദേവാലയങ്ങളും സംരക്ഷിക്കുന്നതിന് തൃശ്ശൂർ ജില്ലയിൽ ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിൽ ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംരക്ഷണ പ്രവർത്തനങ്ങൾക്ക് രണ്ട് ലക്ഷം രൂപയുടെ പദ്ധതിക്ക് ഡി.ടി.പി.സി. രൂപം നൽകിയിട്ടുണ്ട്.

(സി) ആർണോസ് പാതിരിയുടെ ശവകുടീരം, തൃശ്ശൂർ പുത്തൻപള്ളി, പെരുവനം ക്ഷേത്രം, തിരുവിലാമല പുനർജനി എന്നിവിടങ്ങളിൽ സംരക്ഷണ പ്രവർത്തനങ്ങൾക്ക് രൂപം നൽകാനാണ് ഡി.ടി.പി.സി. ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly